കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- **മണ്ണാർക്കാട്** മണ്ഡലം-മുണ്ടേക്കരാട് MALP സ്കൂൾ കെട്ടിടനിർമ്മാണം ( മണ്ണാർക്കാട് നഗരസഭ)-ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1593/17/തസ്വഭവ                തിരുവനന്തപുരം, തീയതി :16.05.2017

---

പരാമർശം - 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2. 22/03/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി3-13319/16/സി.ഇ /തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

**മണ്ണാർക്കാട്** നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **അഡ്വ.എൻ.ഷംസുദ്ദീൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും അടങ്കൽതുകയായ **45 ലക്ഷം രൂപ (നാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) പ്രോജക്ട് . ഐ . ഡി .800, മുണ്ടേക്കരാട് MALP സ്കൂൾ കെട്ടിടനിർമ്മാണം ( മണ്ണാർക്കാട് നഗരസഭ)** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മണ്ണാർക്കാട് മണ്ഡലത്തെ പ്രതിനിധികരിക്കുന്ന **അഡ്വ.എൻ.ഷംസുദ്ദീൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും അടങ്കൽതുകയായ **45 ലക്ഷം രൂപ(നാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) പ്രോജക്ട്.ഐ.ഡി.800, മുണ്ടേക്കരാട് MALP സ്കൂൾ കെട്ടിടനിർമ്മാണം (മണ്ണാർക്കാട് നഗരസഭ)** എന്ന പ്രവൃത്തിയ്ക്ക് വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എ.ഡി.എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.കെ. മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

സെക്രട്ടറി, മണ്ണാർക്കാട് നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് (അ.നം. **293/ എൻ . സി . സി .2/2016/ ധന തീയതി 29.04.2017** )

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ